"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- കുടുംബത്തിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടത് - ബഹു.പട്ടികവർഗ്ഗ ക്ഷേമ വകുപ്പ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.228/2026/SCSTD തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:-
1. സ.ഉ(കൈ)നം.89/2019/പജപവവിവ തീയതി 21/12/2019.
2. സ.ഉ(കൈ)നം.27/2022/പജപവവിവ തീയതി 03/06/2022.
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 24/01/2026 ലെ STDD/41/2026-C2 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസറുടെ നിയന്ത്രണത്തിനുള്ള തിടനാട് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനും പട്ടികവർഗ്ഗ മലവേടൻ സമുദായാംഗവുമായ ശ്രീ.വിഷ്ണു ചന്ദ്രൻ, ആറ്റുചാലിൽ, ചേറ്റുതോട്, കാഞ്ഞിരപ്പള്ളി എന്നയാളുടെ പിതാവ് 23/06/2017 ന് മരണപ്പെട്ടാതായും, തുടർന്ന് അപേക്ഷകനും നാല് സഹോദരങ്ങളും അമ്മ ശ്രീമതി.ലിസയോടൊപ്പമാണ് താമസിച്ചിരുന്നത് എന്നും, ശ്രീമതി.ലിസ തൊഴിലുറപ്പിനും അടുത്തുള്ള വീടുകളിൽ പണിക്ക് പോയുമാണ് കുടുംബം പുലർത്തിയിരുന്നതെന്നും, കരൾ രോഗം മൂലം 26/03/2024 ന് ലിസ മരണപ്പെട്ടതായും, പ്ലസ്ടു വിദ്യാർത്ഥിയായ അപേക്ഷകന്റെ ഉപരിപഠനത്തിന് പണം കണ്ടെത്താൻ സാധിക്കാത്ത സാഹചര്യമാണെന്നും, ധനസഹായ തുക ശ്രീ.വിഷ്ണു ചന്ദ്രന് അനുവദിക്കുന്നതിന് മറ്റ് സഹോദരങ്ങൾ സമ്മതപത്രം നൽകിയിട്ടുള്ളതായും ആയതിനാൽ ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികവർഗ്ഗ കുടുംബത്തിന് അനവദിക്കുന്ന ധനസഹായം ലഭിക്കുന്നതിനായി ശ്രീ.വിഷ്ണു ചന്ദ്രൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും നിർധന കുടുംബാംഗമായ ടിയാന് ധനസഹായം അനുവദിക്കാവുന്നതാണെന്നും ബന്ധപ്പെട്ട രേഖകൾ സഹിതം പ്രോജക്ട് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ ശ്രീ.വിഷ്ണു ചന്ദ്രന് ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/-രൂപ ധനസഹായം അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശ കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വിഷ്ണു ചന്ദ്രൻ, ആറ്റുചാലിൽ, ചേറ്റുതോട്, കാഞ്ഞിരപ്പള്ളി, കോട്ടയം എന്നയാൾക്ക് കുടുംബത്തിലെ വരുമാനദായകനായ വ്യക്തി മരണപ്പെട്ടതിനാൽ പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബഹു.പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2,00,000/-രൂപ (രണ്ട്

ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ധനസഹായത്തിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ "2225-02-282-91 പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ രക്ഷ (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ധനസഹായം ലഭിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ രേഖ പരിശോധിച്ച്, തുക നൽകാൻ വേണ്ട നടപടി ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU SUKUMARAN
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. ശ്രീ.വിഷ്ണു ചന്ദ്രൻ, ആറ്റുചാലിൽ, ചേറ്റുതോട്, കാഞ്ഞിരപ്പള്ളി, കോട്ടയം
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 16-02-2026 15:00:17